Web

# SAMPLE PAPER FOR SUMMATIVE ASSESSMENT - I (Sept 2011)

## മാതൃക ചോദ്യപേപ്പർ

**(Code : 012)**

**MALAYALAM**

**മലയാളം**

**Time : 3 hrs.** **CLASS IX** **Marks : 90**

*The question paper will be divided into four sections :*

*Section A - Reading Comprehension - 10 marks*

*Section B - Writing - 20 marks*

*Section C - Grammar - 12 marks*

*Section D - Literature - 48 marks*

### എ വിഭാഗം – Section - A (5 × 2 = 10 marks)

I. താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

കാവ്യസൗന്ദര്യത്തെക്കുറിച്ചും, പ്രകൃതി സൗന്ദര്യത്തെക്കുറിച്ചും മണിപ്രവാള കവികൾക്ക് വ്യക്തമായ ധാരണകൾ ഉണ്ടായിരുന്നു. പ്രകൃതിയിലും, കവിതയിലും, സ്ത്രീയിലും രൂപനിഷ്ഠമായിരുന്നു അവരുടെ സൗന്ദര്യ സങ്കല്പം. വസ്തുഭാവങ്ങളും വ്യക്തിമനസ്സും തമ്മിലുള്ള പൊരുത്തമാണല്ലോ യഥാർത്ഥത്തിൽതന്നെ മണിപ്രവാള കവികൾ ഉറച്ചു നിന്നു. അതിനെ വ്യാഖ്യാനിച്ച് തങ്ങളുടെ സൗന്ദര്യസങ്കല്പത്തിന് പുതിയ മാനങ്ങൾ കൊടുക്കാനൊന്നും അവർ തയ്യാറായില്ല. എന്നാൽ ഒരു കവിയുടെ സൗന്ദര്യദർശനത്തിന്റെ ആവിഷ്ക്കാരം മാത്രമാണ് അയാളുടെ കവിതയെങ്കിൽ ഏത്രകാലം അതിന് നിലനിൽപ്പുണ്ടാകും ? മനുഷ്യജീവിതത്തെക്കുറിച്ചുള്ള ചിലസൂക്ഷ്മ വിചിന്തനങ്ങളും, വ്യാഖ്യാനങ്ങളും, ദർശനങ്ങളും കൂടി കവിക്കുണ്ടാകണം. അത് കവിതയിലാവിഷ്കൃതമാവുകയും വേണം. യഥാർത്ഥത്തിൽ കവിയുടെ ഈ ജീവിത ദർശനമാണ് കവിതയ്ക്ക് ശാശ്വത മഹത്വം നേടിക്കൊടുക്കുന്നത്. മണിപ്രവാജകവിത ജീവിതത്തിന്റെ ബാഹ്യതലങ്ങളെ മാത്രമേ സ്പർശിച്ചിരുന്നുള്ളു. അക്കാരണത്താൽ എഴുത്തച്ഛൻ മുതലുള്ള കവികളൊന്നും ആ മാർഗ്ഗത്തിൽ സഞ്ചരിക്കുകയുണ്ടായില്ല.

1) മണിപ്രവാള കവികളുടെ സൗന്ദര്യസങ്കല്പം വിശദമാക്കുക. (2)

2) സൗന്ദര്യബോധത്തിനടിസ്ഥാനം എന്ത് ? (2)

3) കവിക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ ഏവ ? (2)

4) എഴുത്തച്ഛൻ മുതലുള്ള കവികൾ എന്തുകൊണ്ട് മണിപ്രവാള മാർഗ്ഗം സ്വീകരിച്ചില്ല ? (2)

5) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം എഴുതുക. (2)

### ബി വിഭാഗം – Section - B (20 marks)

II. 1) നിങ്ങളുടെ വിദ്യാലയത്തിലെ സാഹിത്യ ക്ലബ്ബ് ഉദ്ഘാടനം ചെയ്യുന്നതിനായി ഒരു പ്രമുഖ സാഹിത്യകാരനെ ക്ഷണിച്ചുകൊണ്ട് കത്തു തയ്യാറാക്കുക. (8)

2) ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക. (2 × 1 = 2)

1) കഥ കഴിക്കുക

2) നക്ഷത്രമെണ്ണിക്കുക

3) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒന്നിനെക്കുറിച്ച് അരപ്പേജിൽ കവിയാതെ എഴുതുക. (3)

1) ശീലിച്ചതേ പാലിക്കൂ

2) ഐകമത്യം മഹാബലം

4) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ലഘു ഉപന്യാസം എഴുതുക. (7)

1) മതസൗഹാർദ്ദത്തിന്റെ ആവശ്യകത

2) വായനയുടെ പ്രാധാന്യം

3) വനനശീകരണം കൊണ്ടുള്ള ദോഷങ്ങൾ

## സി വിഭാഗം – Section - C (12 marks)

III. 2) a) പ്രയോഗം മാറ്റുക (2)

അവൾ പുതിയ തരം വീട്ടുപകരണങ്ങൾ വാങ്ങിക്കുന്നു.

b) അംഗവാക്യവും അംഗിവാക്യവും വേർതിരിച്ചെഴുതുക. (2)

നെപ്പോളിയൻ അധികാരം വീണ്ടെടുക്കാൻ പാരീസിലേക്കു പ്രവേശിച്ചപ്പോൾ ചക്രവർത്തി എന്ന വിശേഷണത്തോടെ പത്രങ്ങൾ അദ്ദേഹത്തെ സ്വാഗതം ചെയ്തു.

c) അന്വാഖ്യാനമാക്കുക. (2)

കുറുപ്പ് : അത് ഏകദേശം ഞാനൂഹിച്ചിരുന്നു. ഇല്ലാത്ത ഒരാലോചനടെ കേമത്തം പറേണേല് ഒരു രസംണ്ടല്ലോ. അത് കളയണ്ടാചിട്ട് ഞാൻ തർക്കിക്കാണ്ടിരുന്നതല്ലേ ഇതുവരെ. നീയ് കെട്ടിച്ചമച്ച് ഓരോന്ന് പറയുമ്പോ മുഖം നോക്ക്യാൻ എനിക്കറിയില്ലേ.

2) തെറ്റുണ്ടെങ്കൽ തിരുത്തുക. (1)

രാമവാര്യരുടെ നിർബന്ധം കൊണ്ടാണ് അദ്ദേഹമിന്നു യോഗത്തിനു ചെന്നതിനു കാരണം.

3) താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം ബ്രാക്കറ്റിൽ നിന്ന് എടുത്ത് എഴുതുക.

1) ഗൗരവം എന്ന പദത്തിന്റെ വിപരീത പദമേത് ? (1)

(മൃദുലം, ലാഘവം, സരളം, ലളിതം)

2) അതിർവരമ്പ് എന്ന വാക്കിന്റെ വിഗ്രഹാർത്ഥം എഴുതുക. (1)

(അതിരും വരമ്പും, അതിരായ വരമ്പ്, അതിരിന്റെ വരമ്പ്, അതിരാകുന്ന വരമ്പ്)

3) വസ്ത്രം എന്ന പദത്തിന്റെ പര്യായപദം അല്ലാത്തതേത് ? (1)

(ചോല, ചേല, ആട, അംബരം)

4) തോഴൻ എന്ന പദത്തിന്റെ എതിർലിംഗം ഏത് ? (1)

(തോഴിനി, സഖി, തോഴി, കൂട്ടുകാരി)

5) മണി എന്ന പദത്തിന്റെ നാനാർത്ഥമല്ലാത്തതേത് ? (1)

(കിലുക്കാനുള്ള ഉപകരണം, സമയം, പണം, രത്നം)

## ഡി വിഭാഗം – Section - D (48 marks)

IV. I. a) എഴുപതു വയസ്സു കഴിഞ്ഞവരുടെ യോഗത്തിന്റെ തുടക്കമെന്ന നിലയിൽ രാമൻകുട്ടിനായർ സംഹരിച്ചതെന്ത് ? (4)

b) 'ഉത്തമയായ സഹധർമ്മിണി' എന്ന നിലയിൽ 'അമ്മാളു' എന്ന കഥാപാത്രത്തെ വിലയിരുത്തുക. (4)

c) ടെലിവിഷനെ ആസുരയന്ത്രമായി കണക്കാക്കുന്നതെന്തുകൊണ്ട് ? (4)

d) "ഇനി കാര്യമായിട്ട് പ്രതീക്ഷിക്കാവുന്നത് ഒന്നു മാത്രമാണ്. അത് നിഷ്പ്രയാസം ഒരില പൊഴിയും പോലെയാവുക എന്നതിലാണ് നമ്മുടെയൊക്കെ ഇനിയുള്ള ആനന്ദം മനസ്സു ശുദ്ധമാക്കി അതിനു തയ്യാറാവാം"

a) ആര് ആരോട് പറഞ്ഞു.

b) ഇവിടെ സൂചിപ്പിച്ചിരിക്കുന്ന 'ഒന്ന്' ഏതാണ് ?

c) പാഠസന്ദർഭം വ്യക്തമാക്കുക.

d) ഏതു പാഠം ? കഥാകൃത്താര് ? (4)

II. a) "എന്തുള്ളു വിശേഷമി–

ക്കിഴവൻ നിങ്ങൾക്കാരോ"

സന്ദർഭവും ആശയവും വിശദമാക്കുക. (4)

b) കൂട്ടുകാരൻ വരാത്തതിൽ കുട്ടി എന്തൊക്കെയാണ് സംശയിക്കുന്നത് ? (4)

c) പൊന്നുടുപ്പൂരിയിട്ടാദിത്യനീവീട്ടിൽ

പിന്നിലെത്തോപ്പിലേക്കോടിയാല്ലോ. ഈ വരികളിൽ നിന്നു മനസ്സിൽ പതിയുന്ന ചിത്രമേന്താണ് ? 'പൊന്നുടുപ്പ്' എന്ന വാക്ക് എന്തെല്ലാം സൂചനകളാണ് നൽകുന്നത് ? (4)

d) മകൾ നിസ്സഹായയായി നിന്നതെന്തുകൊണ്ട് (4)

III. ശരിയുത്തരം ബ്രാക്കറ്റിൽ നിന്ന് എടുത്തെഴുതുക. (6 × 1 = 6)

a) എഴുപതുകാരുടെ യോഗത്തിന്റെ സൂത്രധാരൻ ആര് ?

(പി.കെ. അന്തോണി, ശങ്കരൻകുട്ടി, അച്യുതൻ മാഷ്, രാമൻകുട്ടിനായർ)

b) എം.ടി.യുടെ കൃതി അല്ലാത്തതേത് ?

(നാലുകെട്ട്, മഞ്ഞ്, അസുരവിത്ത്, ഒരു ദേശത്തിന്റെ കഥ)

c) ഇരുപതാം നൂറ്റാണ്ടിന്റെ മഹത്തായ കല എന്ന് സിനിമയെ വിശേഷിപ്പിച്ചതാര് ?

(ലെനിൻ, ഷെറിഡൻ, സെബാസ്റ്റ്യൻ പോൾ, ഹെർമ്മൻ ഗുണ്ടർട്ട്)

d) ശക്തിയുടെ കവി എന്നറിയപ്പെടുന്നതാര് ?

(ചെറുശ്ശേരി, ഒ.എൻ.വി, ബാലാമണിയമ്മ, ഇടശ്ശേരി)

e) ഇയാളെ നീ –

യപ്പുറത്തെങ്ങാൻ കൂട്ടി

വല്ലതും കൊടുത്തേക്കു. ഇങ്ങനെ പറഞ്ഞതാര് ?

(ഭർത്താവ്, ഭാര്യ, സ്നേഹിതൻ, വൃദ്ധൻ)

f) 'നാളേക്കു പൂനുള്ളുമുണ്ണികൾ ഘോഷിച്ച' തെന്ത് ?

(പഞ്ചാമൃതക്കൂട്ടം ഞാവൽപ്പഴങ്ങളും പങ്കിട്ടെടുത്തു കഴിക്കണം, മാലോകരെല്ലാരുമൊന്നു പോലെ, നല്ല വാക്കോതണം, പാവങ്ങളോടും ഇണങ്ങണം)

IV. ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. (2 × 5 = 10)

a) ദാനശീലനായിരുന്നു നരേന്ദ്രൻ. വിവരിക്കുക.

b) "അതെല്ലാം അന്ധവിശ്വാസം മാത്രമാണ്." നരേന്ദ്രൻ ഇങ്ങനെ അഭിപ്രായപ്പെടാനുണ്ടായ സാഹചര്യം എന്ത് ?

c) ദക്ഷിണേശ്വരത്തുപോടി ശ്രീരാമകൃഷ്ണപരമഹംസനെ കണ്ടപ്പോൾ നരേന്ദ്രനുണ്ടായ അനുഭവമെന്ത് ?

d) നരേന്ദ്രന്റെ ബാല്യകാലവും വിദ്യാഭ്യാസകാലവും എങ്ങനെയുള്ളതായിരുന്നു. വിവരിക്കുക.

❑❑❑

Nib

# SAMPLE PAPER FOR SUMMATIVE ASSESSMENT - I (Sept 2011)

## മാതൃക ചോദ്യപേപ്പർ

## (Code : 012)

## MALAYALAM

## മലയാളം

**Time : 3 hrs.** **CLASS X** **Marks : 80**

---

*The question paper will be divided into four sections :*

*Section A - Reading Comprehension - 8 marks*

*Section B - Writing - 14 marks*

*Section C - Grammar - 18 marks*

*Section D - Literature - 40 marks*

---

### എ വിഭാഗം – Section - A (8 marks)

I. താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ജനസംഖ്യാ വിസ്ഫോടനത്തിന് പലകാരണങ്ങളുമുണ്ട്. വൈദ്യശാസ്ത്രത്തിന്റെ വളർച്ച വഴി മാറാ രോഗത്തെ നിയന്ത്രിക്കാനായത് മരണനിരക്ക് പെട്ടെന്ന് കുറയാൻ കാരണമായി. ഇതാണ് ജനസംഖ്യാ വിസ്ഫോടനത്തിനുള്ള പ്രധാന കാരണം. വ്യവസായവൽക്കരണം നഗരവൽക്കരണത്തിനും നഗര വൽക്കരണം അണു കുടുംബങ്ങൾക്കും കാരണമായി നഗരങ്ങളിൽ താമസിക്കുന്നവർക്ക് കൂടുതൽ കുട്ടികളെ വളർത്താൻ ബുദ്ധിമുട്ടാണ്. ഇതാണ് ജനസംഖ്യയെ നിയന്ത്രിക്കാനുള്ള താല്പര്യം നഗരവാസികളിൽ വളർത്തിയത്. പക്ഷേ കൃഷിക്ക് പ്രാധാന്യമുള്ള ഇന്ത്യപോലുള്ള വികസ്വര രാജ്യങ്ങളിൽ അംഗങ്ങളുടെ എണ്ണം കൂടുതലുള്ളത് എപ്പോഴും കുടുംബത്തിന് നേട്ടമായാണ് കരുതപ്പെടുന്നത്. ആയതിനാൽ ജനപ്പെരുപ്പം നിയന്ത്രിക്കാനുള്ല താല്പര്യം സാധാരണക്കാരിൽ ഒരിക്കലും ഉണ്ടായിരുന്നില്ല. മാത്രവുമല്ല മതപരമായ മാമൂലുകളും നിരക്ഷരതയും ജനസംഖ്യ നിയന്ത്രണത്തിന്റെ അവബോധത്തിന് തടസ്സം സൃഷ്ടിച്ചു. സർക്കാർ തലത്തിൽ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ ശ്രമങ്ങൾ 1952 മുതൽ ആരംഭിച്ചെങ്കിലും ഇന്ത്യയുടെ എല്ലാ മേഖലകളിലും അതിന് വേണ്ട സ്വീകരണം ലഭിച്ചില്ല. കേരളം, തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ മാത്രമേ അത് ആശാവഹമായ ഫലങ്ങൾ സൃഷ്ടിച്ചുള്ളൂ.

1) ജനപ്പെരുപ്പത്തിന് പ്രധാന കാരണം എന്ത് ? (2)

2) നഗരവൽക്കരണം ജനസംഖ്യാ നിയന്ത്രണത്തിന് വഴി തെളിച്ചതെങ്ങനെ ? (2)

3) ജനന നിയന്ത്രണത്തിനുള്ള താല്പര്യം സാധാരണക്കാർക്കില്ലാതെ പോവാൻ കാരണമെന്ത്? (2)

4) ജനസംഖ്യാനിയന്ത്രണ അവബോധത്തിന് പ്രധാന തടസ്സം എന്ത് ? (2)

### ബി വിഭാഗം – Section - B (14 marks)

II. 1) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (7)

1) മാതൃഭാഷയുടെ പ്രാധാന്യം

2) സാമൂഹികസേവനത്തിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക്

3) പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത

2) റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്തു വകുപ്പ് മന്ത്രിക്ക് ഒരു കത്തു തയ്യാറാക്കുക. (7)

## സി വിഭാഗം – Section - C (18 marks)

III. 1) a) പ്രയോഗം മാറ്റുക (1)

താപസിമാർ ശകുന്തളയെ തലയിൽ അരിയിട്ട് അനുഗ്രഹിക്കുന്നു.

b) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധ വാക്യമാക്കി മാറ്റുക. (1)

ബഷീറിന്റെ ജീവിതത്തെ ഭൂമിയുടെ മറ്റ് അവകാശികൾ വെല്ലുവിളിക്കുന്നു.

c) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക (1)

പുകകൊണ്ട് കണ്ണു മറഞ്ഞിരിന്നുവെങ്കിലും ഹോതാവ് ഹോമിച്ചത് ഭാഗ്യവശാൽ അഗ്നിയിൽത്തന്നെ പതിച്ചു.

d) തെറ്റുണ്ടെങ്കൽ തിരുത്തുക. (1)

ജനപ്പെരുപ്പവും ഭക്ഷ്യക്ഷാമവും ദുസ്സഹവും അസഹ്യവുമിത്തീർന്നിരിക്കുന്നു.

2) പര്യായ പദങ്ങളെടുത്തെഴുതുക (2 × 1 = 2)

a) a) തീ

(അനലൻ, അനിലൻ, പാവകൻ, പവനൻ)

b) ഭാര്യ

(പതി, പത്നി, ജായ, തായ)

b) നാനാർത്ഥ പദങ്ങളെഴുതുക (2 × 1 = 2)

1) പ്രകൃതി

(സ്വഭാവം, ശാസ്ത്രം, പഞ്ചഭൂതം, വികൃതി)

2) അന്നം

(അരയന്നം, മുന്നം, ആഹാരം, ആദ്യം)

c) വിപരീതമെഴുതുക (2 × 1 = 2)

1) സ്നേഹം

(ദേഷ്യം, ദ്വേഷം, വിദ്വേഷം)

2) സുലഭം

(ലോഭം, ദുർലഭം, വിരളം)

d) അർത്ഥവ്യത്യാസമെഴുതുക (2 × 1 = 2)

വ്യഥ – വൃഥാ

(വെറുതെ, എപ്പോഴും, ദുഃഖം, രോഗം)

ശാഖ – ശിഖി

(കൊമ്പ്, മരം, മയിൽ, കുയിൽ)

e) എതിർലിംഗമെഴുതുക (2 × 1 = 2)

1) താപസൻ (താപസി, തപസ്വിനി, തപസ്വി)

2) പ്രവാചകൻ (പ്രവാചക, പ്രവാചിക, പ്രവാചകി)

3) 1) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. (2 × 1 = 2)

ചിരട്ടക്കുടുക്ക

മരങ്ങൾ

2) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. (2 × 1 = 2)

ചരാചരം

ദൈവസൃഷ്ടി

## ഡി വിഭാഗം – Section - D (40 marks)

III. ശരിയായ ഉത്തരം എടുത്തെഴുതുക. (8 × ½ = 4)

1) 'ദശരഥ വിലാപം' ഏതു കൃതിയിൽ നിന്നെടുത്തതാണ് ?

(അദ്ധ്യാത്മ രാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്, ഇരുപത്തിനാലു വൃത്തം, ഹരിനാമകീർത്തനം)

2) ചിരട്ടക്കുടുക്കയിൽ അവർ സൂക്ഷിച്ചതെന്ത് ?

(ഇലഞ്ഞിപ്പൂമാല, വെൺപട്ടുവസ്ത്രം, ആഭരണങ്ങൾ, ചെമ്പഞ്ഞിച്ചാറ്)

3) "ആരുനീയനുജൂത്തി" എന്നു ചോദിച്ചതാര് ?

(സൂര്യൻ, ശകുന്തള, കശ്യപൻ, ചന്ദ്രൻ)

4) കേരളകാളിദാസൻ ആര് ?

(കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കേരളവർമ്മ വലിയകോയിത്തമ്പുരാൻ, ഏ.ആർ. രാജരാജവർമ്മ, വള്ളത്തോൾ നാരായണ മേനോൻ)

5) താഴെ തന്നിരിക്കുന്നതിൽ കുറ്റിപ്പുഴയുടെ കൃതിയേത് ?

(വിചാരവിപ്ലവം, സാഹിത്യസഹ്യം, ഭാരതപര്യടനം, വീണപൂവ്)

6) "എനിക്കീ പ്രപഞ്ചങ്ങളെയെല്ലാം സ്നേഹത്തോടെ ആലിംഗനം ചെയ്യാൻ തോന്നുന്നു" ഇങ്ങനെ പറഞ്ഞതാര് ?

(ശകുന്തള, ബഷീർ, പി.കെ. രാജശേഖരൻ, കണ്വൻ)

7) ഏ.ആർ. രാജരാജവർമ്മ ഏതു പേരിലാണ് അറിയപ്പെടുന്നത് ?

(കേരള സിംഹം, കേരള പാണിനി, കേരളവാല്മീകി, കേരള ചക്രവർത്തി)

8) യയാതിക്ക് യൗവ്വനം പ്രദാനം ചെയ്തതാര് ?

(ശർമ്മിഷ്ഠ, പുരു, കാശ്യപൻ, ശാർങ്ഗരവൻ)

IV. I. ഉത്തരമെഴുതുക

a) ഭർത്തൃഗൃഹത്തിലേക്ക് യാത്രയാകുന്ന ശകുന്തളയ്ക്ക് വൃക്ഷലതാദികൾ നൽകിയ സ്നേഹോപഹാരങ്ങൾ എന്തെല്ലാം ? (3)

b) ഭൂമിയുടെ അവകാശികൾ എന്ന കഥയുടെ സവിശേഷതകളായി ലേഖകൻ ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് ? (3)

c) "അന്നവും വിപണിയിലെ ഒരു പ്രധാന ഉൽപ്പന്നമായി മാറിയോ" ? പരിശോധിക്കു. (3)

d) ശകുന്തള ആശ്രമത്തിൽ നിന്ന് യാത്രയാകുമ്പോൾ പ്രകൃതിക്കുണ്ടായ ഭാവമാറ്റമെന്ത് ? (3)

II. a) സ്നേഹത്തെക്കുറിച്ച് ജി.യുടെ ദർശനമെന്ത് ? (3)

b) "കുംഭത്തിൽ നീരകം പുക്ക ശബ്ദം കേട്ടു
കുംഭീവരൻ നിജ തുമ്പിക്കരം തന്നിൽ
അംഭസ്സുകൊള്ളുന്ന ശബ്ദമെന്നോർക്കയാ–
ലമ്പയച്ചേനറിയാതെ"

സന്ദർഭം, ആശയം, അലങ്കാരം ലക്ഷണം എന്നിവ വ്യക്തമക്കുക. (3)

c) സൂര്യകാന്തിക്കും സൂര്യനും കവി നൽകുന്ന വിശേഷണങ്ങളെന്തെല്ലാം ? (3)

d) പാദങ്ങളിൽ വീണു കേണീടുമെന്നോടു
ഖേദം കലർന്നു ചൊന്നാൻ മുനിബാലകൻ
ആരാണ് കേണത് ? എന്തു പറഞ്ഞാണ് കേണത് ? (3)

V. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (2 × 6 = 12)

1) അപ്പു ദ്വീപിൽ കണ്ട കാഴ്ചകൾ എന്തെല്ലാം ?

2) 'ദ്വീപിലെ മെഡിക്കൽ കോളേജാണ് മുത്താമയുടെ ഭവനം' വിവരിക്കുക.

3) പഠിച്ചിട്ടുള്ള പാഠഭാഗത്തെ ആസ്പദമാക്കി മൃതസഞ്ജീവനി എന്ന ശീർഷകം എത്രമാത്രം അനുയോജ്യമാണെന്ന് വിവരിക്കുക.

❑❑❑